ദേശാഭിമാനി BETA

July 8, 2016

# തീരസംരക്ഷണ സമഗ്രപദ്ധതി 6 മാസത്തിനകം: മന്ത്രി

●സ്വന്തം ലേഖകൻ

**കൊച്ചി** > തീരസംരക്ഷണം, ഹാർബർ, ഫിഷ്‌ലാൻജിങ് സെന്റർ എന്നിവ സംബന്ധിച്ച സമഗ്രപദ്ധതി ആറുമാസത്തിനകം രൂപപ്പെടുത്തുമെന്ന് മന്ത്രി ജെ മേഴ്സിക്കുട്ടിയമ്മ. ഫിഷറീസ് മേഖലയിലെ കേന്ദ്രസർക്കാർ സ്ഥാപന അധികൃതരുമായി കൊച്ചി സിഎംഎഫ്ആർഐയിൽ നടത്തിയ കൂടിക്കാഴ്ച ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. എട്ടു കേന്ദ്രസ്ഥാപനങ്ങളുമായുള്ള ചർച്ചയിൽ നാലു സ്ഥാപനങ്ങളുടേതുമാത്രമാണ് പൂർത്തിയായത്. തുടർചർച്ച 26നു നടത്തുമെന്നും മന്ത്രി പറഞ്ഞു.

കേരളത്തിന് 596 കിലോ മീറ്റർ ദൈർഘ്യമുള്ള തീരദേശമാണുള്ളത്. 1957ലെ ഇ എം എസ് സർക്കാർ ഈ മേഖലയിലെ വികസനം സംബന്ധിച്ചുണ്ടാക്കിയ കാഴ്ചപ്പാടിനനുസൃതമായി പിന്നീട് മുന്നോട്ടുപോകാനായില്ല.

ഫിഷറീസുമായി ബന്ധപ്പെട്ട കേന്ദ്രസർക്കാരിന്റെ എട്ടോളം സ്ഥാപനങ്ങൾ കേരളത്തിലുണ്ട്. അവരുടെ സാങ്കേതികജ്ഞാനം തൊഴിലാളികൾക്ക് വേണ്ടത്ര പകർന്നുനൽകാൻ കഴിഞ്ഞിട്ടില്ല. അതിന് ബന്ധപ്പെട്ടവരെയെല്ലാം ഉൾക്കൊള്ളുന്ന സ്ഥിരം ഉപദേശകസമിതി രൂപീകരിക്കണമെന്നാണ് സർക്കാർ ഉദ്ദേശ്യം.

കേരള സമുദ്രതീരത്ത് 58 ഇനം മത്സ്യങ്ങൾ ലഭിക്കുന്നുണ്ട്. ഇതിൽ 14 ഇനം മാത്രം പിടിക്കരുതെന്നാണ് വ്യവസ്ഥ. ബാക്കിയുള്ളതിന്റെ കുഞ്ഞുങ്ങളെ വരെ പിടിക്കുന്ന രീതിയാണിന്ന്. 58 ഇനങ്ങളെയും സംരക്ഷിക്കണമെന്നാണ് സർക്കാരിന്റെ അഭിപ്രായം. ട്രോൾനിരോധം സംബന്ധിച്ച 2013ലെ പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിഹാര നടപടികളിലേക്കു കടക്കാൻ സർക്കാർ സന്നദ്ധമാണ്. ഇതിനായി നിയമഭേദഗതി വേണ്ടിവരും. മത്സ്യക്കുഞ്ഞുങ്ങൾക്ക് ഹാനികരമല്ലാത്ത മത്സ്യബന്ധനരീതികൾ തൊഴിലാളികളും സ്വീകരിക്കണം.

മത്സ്യോൽപ്പാദനത്തിനുപറ്റിയ സ്രോതസ്സുള്ള കേരളത്തിന് ഫലപ്രദമായി ഇക്കാര്യത്തിൽ ഇടപെടാനായിട്ടില്ല. ഉൾനാടൻ മത്സ്യസമ്പത്തിന്റെ കാര്യത്തിൽ മറ്റു സംസ്ഥാനങ്ങൾ കേരളത്തെ പിന്നിലാക്കി. 12 ലക്ഷം കോടി മത്സ്യക്കുഞ്ഞുങ്ങളെയാണ് നമുക്ക് ആവശ്യമെങ്കിലും ഉൽപ്പാദനം രണ്ടുലക്ഷം കോടി മാത്രമാണ്. ഈ രംഗത്തിന് സർക്കാർ മുൻഗണന നൽകുമെന്ന് മന്ത്രി വ്യക്തമാക്കി.

മന്ത്രിയായശേഷം സിഎംഎഫ്ആർഐയിൽ ആദ്യമായെത്തിയ മേഴ്സിക്കുട്ടിയമ്മയെ ഡയറക്ടർ ഡോ. ഗോപാലകൃഷ്ണൻ പൊന്നാട അണിയിച്ച് സ്വീകരിച്ചു. സിഎംഎഫ്ആർഐ, സിഐഎഫ്ടി, എൻബിഎഫ്ജിആർ, കെവികെ, സിഫ്റി, കുഫോസ്, എൻഐഒ, സിഫ്നെറ്റ്, എംപിഇഡിഎ, സിഎംഎൽആർഇ, എഫ്എസ്ഐ, നിഫാറ്റ്, ആർജിസിഎ എന്നീ സ്ഥാപനങ്ങളിലെ മേധാവികളും ഫിഷറീസ് ഉദ്യോഗസ്ഥരും പങ്കെടുത്തു. ഫിഷറീസ് സെക്രട്ടറി ജെയിംസ് വർഗീസ് സ്വാഗതവും സാഫ് എക്സിക്യൂട്ടീവ് ഡയറക്ടർ സി ആർ സത്യവതി നന്ദിയും പറഞ്ഞു.